# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.100 — 10-06-2013-ൽ മറുപടിയ്ക്ക്

### റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിലെ അപാകത

| ചോദ്യം<br>ശ്രീ. റി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു മുഖ്യമന്ത്രി) |
|---|---|---|
| (എ) 09.02.2012-ലെ ജി.ഒ.ആർ.റ്റി. നമ്പർ.80/2012/എഫ്&ഡബ്ല്യൂ.എൽ.ഡി. പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി മുപ്പത് പേർക്ക് ഉദ്യോഗക്കയറ്റം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും അവരിൽ 26-ാമത്തെ പേരുകാരൻ വരെയുള്ളവർക്ക മാത്രം നിയമനം നൽകുകയും 27 മുതൽ 30 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്കുകാരെ ഒഴിവാക്കി പ്രസ്തുത ഉത്തരവിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്ത ഒ. എൻ. സദാശിവൻ, റ്റി.ജി. മോഹനൻ, പി. എം. അബ്ദുൾ റസാഖ്, വി. ചന്ദ്രൻ എന്നിവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി പ്രൊമോഷൻ നൽകുകയും ചെയ്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ.? | (എ) | വനം വകുപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം ചട്ടപ്രകാരം നാലുതരത്തിലുള്ള നിയമനവ്യവസ്ഥ പ്രകാരമാണ് നടത്തുന്നത്. ഓരോ തരം നിയമനത്തിനും ചട്ടപ്രകാരം അനുവദനീയമായ കേഡർ സ്ട്രെങ്ത്തിനും അധികമായി നിയമനം നൽ കേണ്ടി വരുന്ന സാഹചര്യത്തിലാണ് താത്കാലികമായി നിയമനം നടത്തുവാൻ നടപടിയെടുക്കുന്നത്. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിനു കാലതാമസം നേരിടുന്ന ഘട്ടത്തിലാണ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും അവർക്ക് അനുവദിച്ചിട്ടുള്ള ക്വാട്ടയ്ക്ക് (Cadre strength) അധികമായി സ്ഥാനക്കയറ്റം നൽകി നികത്തുന്നതിന് അനുമതി നൽകിയത്.<br><br>സർക്കാരിന്റെ 09.02.2012-ലെ ജി.ഒ. (ആർ.ടി.)നം.80/2012/വനം നമ്പർ ഉത്തരവു പ്രകാരം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യത നേടിയ 30 പേർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താത്കാലിക നിയമനം നൽകുന്നതിനുള്ള അനുമതി നൽകിയത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ആയിരുന്നു.<br>1). ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിരിക്കണം.<br><br>2). അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം |

3). കഠിനശിക്ഷകളുള്ള തീർപ്പാക്കാത്ത അച്ചടക്ക നടപടി/വിജിലൻസ് കേസുകൾ പാടില്ല.

ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ക്രമം അനുസരിച്ച് യോഗ്യത നേടിയവരുടെ ലിസ്റ്റ് തയ്യാറാക്കിയ അവസരത്തിൽ മേൽ മാനദണ്ഡങ്ങൾ പാലിക്കാത്തതുകാരണം ഉൾപ്പെടാതിരുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ. കെ. എൻ. സദാശിവൻ, ടി.ജി. മോഹനൻ, പി. എം. അബ്ദുൾ റസാഖ്, വി. ചന്ദ്രൻ എന്നിവർ പിന്നീട് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് പ്രൊമോഷന് അർഹരായിമാറി. കൂടാതെ ടിയാന്മാർ അംഗീകരിച്ച 30 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഒഴിവാക്കിയതുമായ 2[illegible] മുതൽ 30 വരെയുള്ളവരെക്കാൾ സീനിയർമാരുമാണ്. ഉദ്യോഗക്കയറ്റം നൽകുന്ന സമയം ടിയാന്മാർ സീനിയറായിട്ടുള്ളവരും അർഹരായിട്ടുള്ളവരുമായ എല്ലാവർക്കും ഉദ്യോഗക്കയറ്റം നൽകിയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചും ഒഴിവുവന്ന സമയത്ത് സർക്കാർ നിർദ്ദേശ പ്രകാരം അർഹരായവരും യോഗ്യതയുള്ളവരുമായ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നിഷേധിക്കുന്നത് ചട്ടപ്രകാരമല്ലായെന്നും കണക്കിലെടുത്തുമാണ് അവർ യോഗ്യത നേടിയ സ്ഥിതിക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താത്ക്കാലിക പ്രൊമോഷൻ നൽകുവാൻ ഭരണവിഭാഗ മുഖ്യവനപാലകൻ നടപടി സ്വീകരിച്ചത്.

സെക്ഷൻ ഓഫീസർ